"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - നാഷണൽ ഹെൽത്ത് മിഷൻ- സംസ്ഥാനത്തെ ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയത്തിൽ 1000 രൂപയുടെ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു ) വകുപ്പ്**

സ.ഉ.(കൈ) നം.375/2025/H&FWD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:- 1. 02.03.2023 ലെ സ.ഉ(സാധാ)നം.283/2023/H&FWD

2. 09.02.2024 ലെ സ.ഉ(സാധാ) നം.397/2024/H&FWD

3. 12.03.2025 ലെ സ.ഉ(സാധാ)നം.736/2025//H&FWD

**ഉത്തരവ്**

ദേശീയ ആരോഗ്യ ദൌത്യത്തിന്റെ ഭാഗമായി 2007 ലാണ് കേരളത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആശ പദ്ധതി ആരംഭിക്കുന്നത്. ആയിരം ജനങ്ങൾക്ക് ഒരു ആശ എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചതെങ്കിലും ആശമാരുടെ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനും വാർഡ് ഹെൽത്ത്, സാനിട്ടേഷൻ & ന്യൂട്രീഷൻ കമ്മിറ്റിയിൽ ആശയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും സഹായകരമാകുന്നതിന് ഒരു വാർഡിൽ ഒരു ആശ എന്ന രീതിയിൽ നിലവിലുള്ള ആശാമാരെ 2018-ൽ പുന:ക്രമീകരിച്ചു. കേരളത്തിൽ അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവരത്തകരായി സംസ്ഥാനത്തുടനീളം ആശാമാരെ തിരഞ്ഞെടുക്കുകയും ഒമ്പതാം ഘട്ട പരിശീലനം പൂർത്തിയാക്കി പത്താം ഘട്ട പരിശീലനം നടന്നുവരുന്നു. നിലവിൽ 21529 പേർ ഗ്രാമ പ്രദേശങ്ങളിലും 4104 പേർ നഗരപ്രദേശങ്ങളിലും 492 പേർ ട്രൈബൽ മേഖലയിലുമായി ആകെ 2 6 1 2 5 പേർ 1 4 ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. ആശമാരുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്രമായ ഒരു പരിഷ്കരിച്ച മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. രാജ്യത്ത് ആദ്യമായി ആശാ വർക്കർമാർക്ക് ഓണറേറിയം അനുവദിച്ച സംസ്ഥാനം കേരളമാണ്. നിലവിൽ പരാമശം (2) ലെ ഉത്തരവ് പ്രകാരം 2023 ഡിസംബർ മാസം പ്രാബല്യത്തിൽ പ്രതിമാസ ഓണറേറിയം 7000/- രൂപ നൽകി വരികയും ചെയ്യുന്നു. പരാമർശം (3) പ്രകാരം ഈ ഓണറേറിയം അനുവദിക്കുന്നതിന് ഉപാധികൾ ഒഴിവാക്കിയും ഉത്തരവായിരുന്നു.

2. ആശാ വർക്കാർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയം നിലവിലുള്ള 7000/- രൂപയിൽ നിന്നും 1000/- രൂപ വർദ്ധനവ് വരുത്തി 8000/- രൂപ

(എട്ടായിരം രൂപ മാത്രം)യാക്കി  നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വർദ്ധനവിന് 2025 നവംബർ 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് ( 29.10.2025 ലെ ഇനം നം 3370  OA പ്രകാരം )
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി (FW1/157/2022-HEALTH-Part(3) )

ഉത്തരവിൻ പ്രകാരം

Signed by
Vipin Kumar. S
Date: 01-11-2025 16:46:45
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എ-യ്ക്ക്